## കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ്  കോർപ്പറേഷൻ ലിമിറ്റഡ്
**( കേരള സർക്കാർ സ്ഥാപനം)**
## തൃശ്ശൂർ ഡിവിഷൻ
ഡിവിഷണൽ മാനേജരുടെ കാര്യാലയം, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
കുമരനെല്ലൂർ,  തൃശ്ശൂർ - 680 590,

---

DM/TCR/54/Old vehicle/24

തീയതി :31.12.2025

<u>വാഹന വില്പന -ദർഘാസ്/ ലേല പരസ്യം</u>

കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ,തൃശ്ശൂർ ഡിവിഷൻ ഓഫീസിലെ **2011 മോഡൽ Mahindra Thar DI TC 4WD 7STR ST** , **12/01/2026 തീയതി 2 –PM** ന് കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപറേഷൻ ,വടക്കാഞ്ചേരി , തൃശ്ശൂർ ഡിവിഷൻ ഓഫീസിൽ വെച്ച് ദർഘാസ്/ലേലം നടത്തി വിൽക്കുന്നതാണ് . അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ **19/01/2026 നോ 23/01/2026 നോ** തീയതിയിൽ  നടത്തുന്നതായിരിക്കും.

**ടെൻഡർ ഫോം വില** : Rs 800 + GST
**നിരതദ്രവ്യം** : Rs 3,150/-
**ടെൻഡർ സ്വീകരിക്കുന്നത്  : 12.01.2026 ഉച്ചയ്ക്ക് 1 .00 PM വരെ**

വിശദ വിവരങ്ങൾക്ക് www.kfdc.kerala.gov.in വെബ് സൈറ്റ് സന്ദർശിക്കുക.
**ഫോൺ 8289821500, 8921768394**

ഒപ്പ്
ഡിവിഷണൽ മാനേജർ
തൃശ്ശൂർ

## ലേല /ടെൻഡർ വ്യവസ്ഥകൾ

1. ടെൻഡർ/ലേലത്തിന് മുൻപായി ലേലത്തിൽ പങ്കെടുക്കുന്നവർ വാഹനം (ലേല വസ്തു) ഉദ്യോഗസ്ഥരുടെ അനുമതിയോടെ നേരിട്ട് കണ്ടു പരിശോധിച്ചു ബോധ്യപ്പെടേണ്ടതാണ്. വാഹനത്തിന്റെ അവസ്ഥ സംബന്ധിച്ച് ലേലം ഉറപ്പിച്ചതിന് ശേഷമുള്ള വാദങ്ങൾ പരിഗണിക്കുന്നതല്ല .
2. കെ. എഫ്. ഡി . സി വെബ് സൈറ്റിൽ നിന്നും ടെൻഡർ ഫോം ഡൗൺലോഡ് ചെയ്തു എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്യുന്നവർ ഫോം കോസ്റ്റ് DD യും EMD DD യും (DD തൃശ്ശൂർ ഡിവിഷണൽ മാനേജറുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന രീതിയിൽ ഉള്ളത് )ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്. ഡിവിഷൻ ഓഫീസിൽ നേരിട്ട് പണം ഒടുക്കിയും ടെൻഡർ ഫോം വാങ്ങാവുന്നതാണ് .
3. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തതോ ഈ ഓഫീസിൽ നിന്നും വിതരണം ചെയ്തതോ അല്ലാത്ത ടെൻഡർ ഫോമുകൾ സ്വീകരിക്കുന്നതല്ല .
4. ടെൻഡർ ഫോം തുക തിരികെ ലഭിക്കുന്നതല്ല .
5. ടെൻഡർ സമർപ്പിച്ച വ്യക്തി ലേലത്തിന് നേരിട്ട് ഹാജരാകേണ്ടതാണ്.
6. ടെൻഡർ /ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരെല്ലാം ലേലത്തിന് മുൻപായി നിരതദ്രവ്യം ഒടുക്കേണ്ടതാണ് . നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല . ക്വട്ടേഷനും പരിഗണിക്കുന്നതല്ല.
7. ലേലം കൊള്ളുന്നയാൾ ടെൻഡർ /ലേലത്തിന് ശേഷം അന്നേ ദിവസം തന്നെ നികുതിയുൾപ്പെടെയുള്ള ലേല തുകയുടെ മൂന്നിൽ ഒന്ന് തുക കെ.എഫ്.ഡി.സി അക്കൗണ്ടിൽ ഒടുക്കേണ്ടതാണ് .
8. ഏറ്റവും ഉയർന്ന ലേലം / ടെൻഡർ വിളിച്ചയാളുടെ പേരിൽ ലേലം താൽകാലികമായി ഉറപ്പിക്കും . എന്നാൽ അന്തിമ അംഗീകാരം കെ.എഫ്.ഡി.സി യുടെ മാനേജിങ് ഡയറക്ടറിൽ നിന്നും സ്ഥിരീകരിച്ചു ലഭിക്കുന്നപക്ഷം അടുത്ത 7 ദിവസത്തിനുള്ളിൽ നികുതിയുൾപ്പെടെ ബാധകമായ മുഴുവൻ ലേല തുകയും ലേലം കൊണ്ടയാൾ കെ എഫ്.ഡി.സി തൃശ്ശൂർ ഡിവിഷന്റെ പേരിലുള്ള **41889427333 (SBI കോട്ടയം മെയിൻ ബ്രാഞ്ച് ,IFSC: SBIN0070102** ) കെ.എഫ്.ഡി.സി അക്കൗണ്ടിൽ ഒടുക്കേണ്ടതാണ് .
9. നിശ്ചിത തീയതിക്കകം ലേല തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം കൊണ്ടയാൾ കോർപ്പറേഷനിൽ ഒടുക്കിയിട്ടുള്ള മുഴുവൻ തുകയും കണ്ടു കെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും പിന്നീട് പ്രസ്തുത ലേലം റദ്ദ് ചെയ്തതായി പരിഗണിച്ച് ടി വാഹനം മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്തു വിൽക്കുന്നതുമായിരിക്കും .
10. ടെൻഡർ /ലേലം സംബന്ധിച്ച് കോർപ്പറേഷൻ എടുക്കുന്ന എല്ലാ തീരുമാനവും അന്തിമമായിരിക്കും. ടെൻഡർ /ലേലം സംബന്ധിച്ച എല്ലാ തർക്കങ്ങളും തൃശ്ശൂർ ജില്ലയുടെ പരിധിയിൽ വരുന്ന കോടതിയിൽ നിക്ഷിപ്തമായിരിക്കും.
11. വാഹനം ലേലത്തിൽ വാങ്ങുന്നയാൾ ബന്ധപ്പെട്ട ആർ . ടി . ഒ അധികാരികളെ സമീപിച്ച് വാഹനത്തിന്റെ ഉടമസ്ഥാവകാശം ഒരു മാസത്തിനകം സ്വന്തം പേരിലേക്ക് സ്വന്തം ചിലവിൽ മാറ്റി വാങ്ങേണ്ടതാണ് . അതിനു ശേഷം മാത്രമേ വാഹനം വിട്ടുനല്കുകയുള്ളൂ.
12. വാഹനം ലേലം കൊണ്ടയാൾ നികുതികൾ ,ഇൻഷ്വറൻസ് മറ്റ് അനുബന്ധ രേഖകൾ എന്നിവ സാധുവാണ് എന്നുള്ള വിവരം ഉറപ്പാക്കേണ്ടതാണ് .
13. ഒരു കാരണവും കാണിക്കാതെ ഏതൊരു വ്യക്തിയുടേയോ /സ്ഥാപനത്തിന്റെയോ ടെൻഡർ/ലേലം നിരസിക്കുന്നതിനുള്ള അധികാരം കെ എഫ് ഡി സി ക്ക് ഉണ്ടായിരിക്കും.

14. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും .
15. ലേലത്തിന് മുൻപായി സാധുവായ പാൻ കാർഡ് , ആധാർ/ വോട്ടർ ID/ പാസ്സ്പോർട്ട് /ഡ്രൈവിങ് ലൈസൻസ് എന്നിവ ഹാജരാക്കേണ്ടതാണ് .
16. ടെൻഡർ/ലേലം കൊണ്ട വ്യക്തി ഒഴികെയുള്ളവർക്ക് ലേലനടപടികൾ പൂർത്തിയാക്കിയ ശേഷം നിരതദ്രവ്യം തിരികെ നല്കുന്നതാണ്
17. ടെൻഡർ /ലേലം സംബന്ധമായ വിവരങ്ങൾ ഓഫീസ് പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10:15 മുതൽ വൈകീട്ട് 5:15 വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ് .കൂടുതൽ വിവരങ്ങൾക്ക് **www.kfdc. kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഫോൺ നമ്പർ : 8289821500, 8921768394**

എന്ന്
വിശ്വസ്തതയോടെ

ഡിവിഷണൽ മാനേജർ
തൃശ്ശൂർ

KERALA FOREST DEVELOPMENT CORPORATION LTD.
OFFICE OF THE DIVISIONAL MANAGER
THRISSUR DIVISION